## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 367 — 04.02.2020 ൽ മറുപടിക്ക്.

## സ്വർണ്ണ വില നിയന്ത്രണം

| ചോദ്യം<br>ശ്രീ.കെ.ജെ മാക്സി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്വർണ്ണ വില നിയന്ത്രണങ്ങൾക്ക് എന്തെങ്കിലും സർക്കാർ സംവിധാനം നിലവിലുണ്ടോ എന്നും ആയതു വഴി സംസ്ഥാനത്തിനു ഓരോ ദിവസവും ലഭിക്കുന്ന നികുതി വരുമാനം എത്ര എന്നും വ്യക്തമാക്കാമോ; | (എ) | സ്വർണ്ണവില സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ പരിധിയിൽ വരുന്ന കാര്യമല്ല. ഒരു മാസത്തെ വ്യാപാരിയുടെ വിറ്റുവരവ് അടിസ്ഥാനമാക്കി റിട്ടേൺ ഫയൽ ചെയ്ത് നികുതി നൽകുന്ന വിവരങ്ങൾ മാത്രമാണ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷത്തിൽ സ്വർണ്ണത്തിന്റെ പ്രതിമാസ വിറ്റുവരവും നികുതിയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| മാസം | ടേണോവർ | ലഭിച്ച തുക |
|---|---|---|
| ഏപ്രിൽ 2019 | 9604.74 | 37.14 |
| മെയ് 2019 | 9429.95 | 32.42 |
| ജൂൺ 2019 | 7832.76 | 25.77 |
| ജൂലൈ 2019 | 8422.00 | 26.55 |
| ആഗസ്റ്റ് 2019 | 9674.86 | 30.65 |
| സെപ്റ്റംബർ 2019 | 7949.52 | 28.14 |
| ഒക്ടോബർ 2019 | 9096.76 | 29.76 |
| നവംബർ 2019 | 9505.14 | 31.76 |
| ഡിസംബർ 2019 | 8063.01 | 37.56 |
| ആകെ | 79578.74 | 279.75 |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തു ഓരോ ദിവസവും വിപണനം നടത്തുന്ന സ്വർണ്ണം എത്ര എന്നും ആയതിനനുസരിച്ച് നികുതി ഉപഭോക്താവിൽ നിന്നും പിരിച്ചെടുക്കുന്നു എങ്കിലും സർക്കാരിനു ലഭ്യമാകുന്നുണ്ടോ എന്നുമുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ചരക്ക് സേവന നികുതി നിയമ പ്രകാരം വ്യാപാരികൾ റിട്ടേൺ ഫയൽ ചെയ്യുമ്പോൾ വിറ്റുവരവ് തുക മാത്രം കാണിച്ചാൽ മതിയാകും. അതിൻപ്രകാരമുള്ള നികുതി ഇൻപുട്ട് കിഴിച്ചാണ് സർക്കാരിലേയ്ക്ക് നൽകാനുള്ളത്. ഇപ്രകാരം നൽകുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തി അപാകതകൾ കണ്ടുപിടിച്ചാൽ നികുതി |

| | | | |
|---|---|---|---|
| | | | നിർണ്ണയം നടത്തുന്നു. കൂടാതെ സംശയാസ്പദമായ വ്യാപാര സ്ഥാപനങ്ങളിൽ കട പരിശോധന, ടെസ്റ്റ് പർച്ചേസ് തുടങ്ങിയ നടപടികൾ ഇന്റലിജൻസ് വിഭാഗം ചെയ്തുവരുന്നു. |
| (സി) | 2019 വർഷം ജനവരി 1 ന് ഒരു പവൻ സ്വർണ്ണം എത്ര രൂപയ്ക്കു ലഭിക്കുമായിരുന്നു എന്നും ആയത് 2019 ഡിസംബർ 31 ന് എത്ര എന്നും പ്രസ്തുത ഒരു വർഷകാലയളവിൽ വിലനിശ്ചയിച്ച അധികാര സ്ഥാനങ്ങൾ ഏത് എന്നും വ്യക്തമാക്കാമോ; | (സി) | പ്രസ്തുത വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല. |
| (ഡി) | സംസ്ഥാനത്തുള്ള സ്വർണ്ണക്കച്ചവടം സർക്കാർ അറിവോടുകൂടെയും വിലനിർണ്ണയം സർക്കാരിൽ ഉറപ്പുവരുത്താനും ആയതു വഴി പ്രസ്തുത മേഖലയിലെ അഴിമതിയും തട്ടിപ്പും ഒഴിവാക്കാനും സംസ്ഥാനത്തിനു ലഭ്യമാകേണ്ട നികുതി ഉറപ്പുവരുത്താനുമായി ധനവകുപ്പ് എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രതിവർഷം 40 ലക്ഷം രൂപയിൽ കൂടുതൽ വ്യാപാരം നടത്തുന്ന സ്വർണ്ണവ്യാപാര സ്ഥാപനങ്ങൾ നിർബന്ധമായും ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കാൻ ബാദ്ധ്യസ്ഥരാണ്. രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാ3<br>പാരികൾ പ്രതിമാസ റിട്ടേൺ ഫയൽ ചെയ്ത് ക്രയവിക്രയങ്ങളുടെ വിവരങ്ങൾ ചരക്ക് സേവന നികുതി വകുപ്പിനെ അറിയിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി ആധികാരികത ഉറപ്പ് വരുത്തുന്നു. റിട്ടേൺ പരിശോധനയിൽ അപാകതകൾ കണ്ടെത്തിയാൽ നികുതി നിർണ്ണയ നടപടികൾ സ്വീകരിക്കും. കൂടാതെ നിയമാനുസൃതം റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികൾക്ക് എതിരെയും നികുതി നിർണ്ണയ നടപടികൾ സ്വീകരിക്കാറുണ്ട്. അപാകതകൾ ശ്രദ്ധയിൽപ്പെടുന്ന സ്ഥാപനങ്ങൾ പരിശോധനാവിധേയമാക്കുകയും ആവശ്യമെങ്കിൽ ടെസ്റ്റ് പർച്ചേസ് നടത്തി ബിൽ കൊടുക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നു. ഇപ്രകാരമുള്ള നടപടിക്രമങ്ങളിലൂടെ നികുതി വെട്ടിപ്പിനുള്ള പഴുതുകൾ തടയുന്നു. സ്വർണ്ണത്തിന് ഇ-വേ ബിൽ നടപ്പാക്കുന്നതിനെ സംബന്ധിച്ച് ജി.എസ്.ടി കൗൺസിലിൽ ചർച്ച പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ